# ജമാഅത്തെ ഇസ്‌ലാമി കേവല മുസ്‌ലിം സംഘടനയല്ലെന്ന്!!!

അബ്ദുൽ ജബ്ബാർ അബ്ദുല്ല



ജമാഅത്തെ ഇസ്‌ലാമിയും നിങ്ങളും

നിങ്ങൾ മുസ്‌ലിമോ ഹിന്ദുവോ ക്രിസ്ത്യാനിയോ അതുമല്ല അവിശ്വാസിയോ ആരാകട്ടെ, നിങ്ങൾക്കും ജമാഅത്തെ ഇസ്‌ലാമിയിൽ ഒരു ഇടമുണ്ട്. മനുഷ്യനിലും അവന്റെ നന്മയിലും താൽപര്യമുള്ള ഏതൊരാളും ജമാഅത്തിന്റെ ഭാഗമാണ്; ജമാഅത്ത് അയാളുടെയും.

ജനങ്ങളുടെ ഐഹികവും പാരത്രികവുമായ നേട്ടങ്ങൾക്കു വേണ്ടിയാണ് കഴിഞ്ഞ ആറ് പതിറ്റാണ്ടു കാലമായി ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ദുഃഖവും സന്തോഷവും പ്രശ്നങ്ങളും പ്രതിവിധികളും വർത്തമാനവും ഭാവിയുമെല്ലാം എന്നും ഈ പ്രസ്ഥാനത്തിന്റെ പ്രധാന വിഷയമായിരുന്നു.

പാരമ്പരാഗത അർത്ഥത്തിലുള്ള ഒരു മതസംഘടനയല്ല, ജിവിതത്തെ എല്ലാ തലങ്ങളിലും സ്പർശിക്കുന്ന സമ്പൂർണ്ണ വിപ്ലവ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഒരു കേവല മുസ്‌ലിം മതസംഘടനയായി ജമാഅത്തിനെ ആരെങ്കിലും വിലയിരുത്തിയിട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ അതിനെ കൃത്യമായി മനസ്സിലാക്കിയവരും ഏറെയുണ്ട ... സ്നേഹാദരങ്ങളോടെ ... വിനയ ... പൂർവ്വം ... ഇസ്‌ലാമി ... ചയപ്പെടണ ...

ജമാഅത്തെ ഇസ്‌ലാമി
പ്രചാരണ കാമ്പയിൻ-2004
മലപ്പുറം ജില്ലാ കമ്മിറ്റി

1

ജമാഅത്തെ ഇസ്‌ലാമി പ്രചരണ ക്യാമ്പയിൻെറ ഭാഗമായി മലപ്പുറം ജില്ലാ കമ്മറ്റി പുറത്തിറക്കിയ 'ജമാഅത്തെ ഇസ്‌ലാമിയും നിങ്ങളും' എന്ന ലഘുലേഖയാണ് ഈ കുറിപ്പെഴുതാൻ പ്രേരകം. പ്രസ്തുത ലഘുലേഖയിൽ പറയുന്നു.: **നിങ്ങൾ മുസ്‌ലിമോ, ഹിന്ദുവോ, ക്രിസ്ത്യാനിയോ അതുമല്ല അവിശ്വാസിയോ ആരാകട്ടെ നിങ്ങൾക്കും ജമാഅത്തെ ഇസ്‌ലാമിയിൽ ഒരു ഇടമുണ്ട്......... പരമ്പരാഗത അർത്ഥത്തിലുള്ള ഒരു മതസംഘടനയല്ല, ജീവിതത്തെ എല്ലാ തലങ്ങളിലും സ്പർശിക്കുന്ന സമ്പൂർണ്ണ വിപ്ളവ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഒരു കേവല മുസ്‌ലിം മത സംഘടനയായി ജമാഅത്തിനെ ആരെങ്കിലും വിലിയിരുത്തിയിട്ടുണ്ടാകുമെന്ന് തോന്നുന്നില്ല;...**

ദീനിനോട് കൂറും ഇസ്‌ലാമിൻെറ അടിസ്ഥാന ആശയങ്ങളെക്കുറിച്ച് അറിവുമുള്ള ഏതൊരാൾക്കും ഈ വരികളിൽ പതിയിരിക്കുന്ന അതിക്രമങ്ങളും അവ വരുത്തിവെക്കുന്ന അപകടങ്ങളും മനസ്സിലാക്കുവാനാകും. ജമാഅത്തിൻെറ ഭാഗമായി മാറിയ വിമതസ്തരുടെ മസ്തിഷ്ക്കങ്ങളാണ് ഇന്ന് ജമാഅത്തിനെക്കൊണ്ട് കുരിശ് വരപ്പിക്കുന്നതെന്ന് മാധ്യമങ്ങളിലൂടെ നാം അറിയുന്നു. ഒരു കേവല മത സംഘടനയായി തുടങ്ങി രാഷ്ട്രീയ സംഘടനയായി പ്രവർത്തിച്ച് ഇപ്പോൾ മതവും രാഷ്ട്രീയവും മറി കടന്ന് സർവ്വ മതങ്ങളേയും സംഘമിപ്പിക്കുന്ന സമ്പൂർണ്ണ വിപ്ളവ പ്രസ്ഥാനമായി ജമാഅത്ത് പരിണമിച്ചിരിക്കുന്നു. ചരിത്രഗതിയിൽ ഓറിയൻറലിസ്റ്റുകൾ ചെയ്ത സേവനമാണോ ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിനുവേണ്ടി നിർവ്വഹിക്കാൻ ഈ മാറ്റത്തിലൂടെ ലക്ഷ്യമിടുന്നത്? പ്രവാചകൻﷺയിലൂടെ കൈമാറപ്പെട്ട ദീൻ നമ്മുടെ സച്ചരിതരായ പൂർവ്വികരിലൂടെ കൈമാറി വന്ന പാരമ്പര്യമാണ് യഥാർത്ഥ മുസ്‌ലിംകൾക്കുള്ളത്. ഈ പരമ്പരാഗത അർത്ഥം അന്യമായ ജമാഅത്ത് എല്ലാ മതക്കാരെയും തങ്ങളുടെ ഭാഗമാക്കി സമ്പൂർണ്ണ വിപ്ളവപ്രസ്ഥാനമായി അഹങ്കരിക്കുമ്പോൾ ദീനിബോധമുള്ള അനുയായികളെങ്കിലും അതൊരു പ്രശ്നമാക്കാതിരിക്കുകയോ? "വലാഅ്, ബറാഅ്" എന്നീ സാങ്കേതിക ശബ്ദങ്ങൾ താൽപര്യപ്പെടുന്ന ആശയങ്ങൾ ജമാഅത്ത് നേതൃത്വം തമസ്കരിക്കുകയോ?

പാരമ്പര്യത്തിനും മുസ്‌ലിം മേൽവിലാസത്തിനും അപ്പുറം ഒരു 'ജമാഅത്തെ ഇൻക്വിലാബിയ'യായി പരിഗണിക്കാൻ അവർ ഈയിടെ കാഴ്ച വെച്ച വിപ്ളവപ്രവർത്തനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

- അയ്യപ്പ സ്വാമികൾക്ക് ശബരിമലയിലേക്ക് യാത്രയയപ്പ് നൽകിയത് (മാധ്യമം ദിനപത്രം: 03-01-04)
- പള്ളി മിമ്പറിൽ ഹൈന്ദവ പൂജാരിക്ക് പ്രസംഗവേദി ഒരുക്കിയത്. (ചന്ദ്രിക ദിനപത്രം: 24-07-04)
- സമൂഹത്തിൻെറ കാശ് പിരിച്ച് അന്യമതാഘോഷങ്ങൾ കൊഴുപ്പിച്ചത് (ഓണക്കിറ്റുകളും മറ്റും)
- അവിശ്വാസികളായ ക്രൈസ്തവർക്ക് പ്രവാചകൻ മദീനയിലെ പള്ളി പ്രാർത്ഥിക്കാൻ അനുവദിച്ച് കൊടുത്തിരുന്നു എന്ന സ്ഥിരപ്പെടാത്ത വാർത്തകൾ പ്രവാചകൻെറ പേരിൽ ആരോപിച്ച് തങ്ങൾ ചെയ്ത ശിർക്കിന്നും കുഫ്റിന്നും പ്രോൽസാഹനമായ സംഘടനാ പ്രവർത്തനങ്ങളെ ന്യായീകരിച്ചത്. (പ്രബോധനം 20-03-2004)

- പുരാതനമായി തുടർന്നുപോരുന്ന ഹൈന്ദവരുടെ ഓണാഘോഷം മുസ്‌ലിംകൾക്കും ആഘോഷിക്കൽ അനുവദനീയമാക്കാൻ ഔദ്യോഗിക ജിഹ്വയിൽ 'മുജീബി'ൻെറ ഉരുണ്ടു മറിഞ്ഞ ഫത്‌വ. (പ്രബോധനം 11-09-04)
- ത്വാഗൂത്തി ഗവൺമെൻറിനോട് 'നിയമ നിർമ്മാണം' നടത്താൻ സോളിഡാരിറ്റിയെ കൊണ്ട് പ്രകടനം നടത്തിച്ചത്. (മലയാളം ന്യൂസ്: 08-01-04)
- എല്ലാ മതക്കാരേയും ഉൾപ്പെടുത്താനെന്നോണം സോളിഡാരിറ്റി പോലുള്ള നാമകരണം നൽകിയത്.
- 'ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹി' എന്ന അടിസ്ഥാന ആശയങ്ങളെ കുറിച്ചുള്ള പരാമർശംപോലും തങ്ങളുടെ പ്രവർത്തന ശൈലിയിൽ സൂചിപ്പിക്കാതെ ജമാഅത്തിനെ പരിചയപ്പെടുത്തിയത്. (ജമാഅത്തെ ഇസ്‌ലാമി പ്രചരണ ക്യാമ്പയിൻ-2004, മലപ്പുറം ജില്ലാ കമ്മിറ്റി)
- നിരീശ്വര നിർമ്മത പ്രസ്ഥാനങ്ങളുടെ ചുവടുപിടിച്ച് ജമാഅത്ത് പ്രവർത്തകർ പ്രച്ഛന്നവേഷം കെട്ടി (പെൺ വേഷം പോലും) അവതരിപ്പിച്ച നിശ്ചല ദൃശ്യങ്ങളും തെരുവു നാടകങ്ങളും (മാധ്യമം ദിനപത്രം: 19-04-04)

**പരമ്പരാഗത അർത്ഥത്തിലുള്ള ഒരു മതസംഘടനയല്ല,…… ഒരു കേവല മുസ്‌ലിം മത സംഘടനയായി ജമാഅത്തിനെ ആരെങ്കിലും വിലിയിരുത്തിയിട്ടുണ്ടാകുമെന്ന് തോന്നുന്നില്ല;** (ജമാഅത്തെ ഇസ്‌ലാമി പ്രചരണ ക്യാമ്പയിൻ-2004, മലപ്പുറം ജില്ലാ കമ്മിറ്റി) ഉപരിസൂചിത വരികളിലൂടെ തങ്ങളെ പരിചയപ്പെടുത്തുന്ന ജമാഅത്ത് നേതൃത്വം വിശുദ്ധ ക്വുർആനിലെ സൂറത്തുഫുസ്സിലത്തിലെ 33-മത്തെ ആയത്തിൻെറ ആശയവും തേട്ടവും അറിയാത്തവരാണോ? അല്ലാഹു പറയുന്നു: "അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്".

തങ്ങൾ കേവലമൊരു മുസ്‌ലിം സംഘടനയല്ലെന്ന് വരുത്തിത്തീർക്കാൻ പല പ്രവർത്തനങ്ങളും തങ്ങളുടെ പോളിസി പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു മുസ്‌ലിം മത സംഘടനയായി 'ജമാഅത്ത്' സമൂഹ മധ്യത്തിൽ അറിയപ്പെട്ടിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. അതിന്നുള്ള കാരണക്കാർ ജമാഅത്തുകാർ തന്നെയാണെന്ന് ചുവടെ കാണുന്ന വരികളിലൂടെ മനസ്സിലാക്കാം:

- തങ്ങൾ ഒരു മുസ്‌ലിം സംഘടനയല്ലെന്ന് സ്വയം പരിചയപ്പെടുത്താൻ ജമാഅത്തുകാരെടുത്ത കാലതാമസം.
- 'ജമാഅത്തെ ഇസ്‌ലാമി' 'അമീർ' 'ശൂറ' 'ബൈത്തുൽ മാൽ' തുടങ്ങിയ മുസ്‌ലിംകളുടേതായി അറിയപ്പെടുന്ന സംജ്ഞകൾ ജമാഅത്തുകാർ ഇപ്പോഴും എടുത്തുപയോഗിക്കുന്നത്. 'സോളിഡാരിറ്റി' പോലുള്ള എല്ലാവരേയും അംഗങ്ങളാക്കാനുള്ള പ്രയോഗങ്ങൾ വളരെ വൈകിയാണല്ലോ തെരഞ്ഞെടുക്കപ്പെട്ടത്.
- ശിയാക്കൾ, ബറേൽവികൾ, ക്വബ്ർ പൂജകർ തുടങ്ങിയ മുസ്‌ലിം നാമധാരികളെല്ലാം തങ്ങളിൽ അംഗങ്ങളാണെന്ന് അഹങ്കരിച്ചിരുന്ന ജമാഅത്തുകാർ ഹൈന്ദവരും ക്രൈസ്തവരും അവിശ്വാസികളും തങ്ങളിലെ അംഗമാണെന്ന് അറിയിച്ചതിലെ കാലതാമസം.
- അമുസ്‌ലിം ഗവൺമെൻെറുകൾക്ക് കീഴിൽ വിശ്വാസികളായി കഴിയുന്നവരെ മനാത്തയെ പൂജിക്കുന്നവരായി ഉപമിച്ചതും പ്രവാചകന്മാരുടെ പ്രബോധനത്തിൻെറ പരമലക്ഷ്യം രാഷ്ട്രീയ അട്ടിമറികളായിരുന്നുവെന്ന് തെറ്റിദ്ധരിപ്പിച്ചതും നമസ്കാരം, ഹജ്ജ് തുടങ്ങിയ ദീനീകർമ്മങ്ങൾ രാഷ്ട്ര സംസ്ഥാപനത്തിൻെറ ട്രെയിനിംഗ് കോഴ്സായി ചിത്രീകരിച്ചതും ജമാഅത്തുകാർ ഇസ്‌ലാമിൻെറ അഡ്രസ്സിലായിരുന്നുവല്ലോ!

ജമാഅത്തെ ഇസ്‌ലാമി ഒരു കേവല മുസ്‌ലിം സംഘടനയല്ല; നിങ്ങൾ മുസ്‌ലിമോ ഹിന്ദുവോ കൃസ്ത്യനോ അവിശ്വാസിയോ ആരാകട്ടെ നിങ്ങൾക്കും ജമാഅത്തെ ഇസ്‌ലാമിയിൽ ഒരിടമുണ്ട് എന്ന പ്രചരണവും അതിനനുസരിച്ചുള്ള പ്രവർത്തനവുമായി നടക്കുന്ന ജമാഅത്തുകാരാ, താങ്കളുടെ ശ്രദ്ധക്കായി ഗുണകാംക്ഷയോടെ വിശുദ്ധ ക്വുർആനിലെ ചില വചനങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ,

അല്ലാഹു പറയുന്നു: "അപ്പോൾ അല്ലാഹുവിൻെറ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവരാഗ്രഹിക്കുന്നത്……" (വി.ക്വു. 3:83)

"ഇതത്രെ എൻെറ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവൻെറ (അല്ലാഹുവിൻെറ) മാർഗ്ഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചുകളയും……" (വി.ക്വു.: 6:153)

"ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (വി..ക്വു.3:85)

“നിങ്ങൾ സത്യം അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യരുത്.” (വി. ക്വു. 2:42) ഈ വചനം വിശദീകരിച്ച് ഇമാം ഖതാദ ﷺ പറയുന്നു : “ക്രൈസ്തവതയേയും യഹൂദിയ്യത്തിനേയും നിങ്ങൾ ഇസ്ലാമുമായി കലർത്തരുത്. തീർച്ചയായും അല്ലാഹുവിൻെറ ദീൻ ഇസ്ലാമാകുന്നു. ജൂതമതവും ക്രൈസ്തവ മതവും പുത്തൻ നിർമ്മിതിയാണ്. (തഫ്സീർ ഇബ്നു കഥീർ)

ഥൗബാൻ ﷺ വിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: “.........ഖിയാമത്തു നാൾ സംഭവിക്കുകയില്ല; എൻെറ ഉമ്മത്തികളിൽനിന്ന് ചില വിഭാഗങ്ങൾ ബഹുദൈവ വിശ്വാസികളോട് ചെന്നുചേരുന്നതുവരെ...” (സ്വഹീഹു അബീദാവൂദ്: 4252)

ഇസ്ലാമിനോട് അകമഴിഞ്ഞ കൂറും ആത്മാർത്ഥതയുമുള്ള എല്ലാ സഹൃദയരോടും ഇത്തരം വിപ്ളവ പ്രവർത്തനങ്ങളുടെ ചതിക്കുഴിയിൽ ചെന്നു ചാടരുതേ എന്നു വസ്വിയ്യത്ത് ചെയ്യുന്നതോടൊപ്പം പടച്ച തമ്പുരാൻെറ ചില മുന്നറിയിപ്പുകൾ കൂടി ഉണർത്തുന്നു:

അല്ലാഹു പറയുന്നു: “......... അവർക്ക് സാധിക്കുകയാണെങ്കിൽ നിങ്ങളുടെ മതത്തിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്നതുവരെ അവർ നിങ്ങളോട് യുദ്ധം ചെയ്തുകൊണ്ടിരിക്കും. നിങ്ങളിൽ നിന്നാരെങ്കിലും തൻെറ മതത്തിൽനിന്ന് പിന്മാറി സത്യനിഷേധിയായികൊണ്ട് മരണപ്പെടുന്ന പക്ഷം അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും.” (വി..ക്വു. 2:217)

“അവർ അവിശ്വസിച്ചതുപോലെ നിങ്ങളും അവിശ്വസിക്കുകയും, അങ്ങനെ നിങ്ങളെല്ലാം ഒരു പോലെയായിത്തീരുകയും ചെയ്യാനാണ് അവർ കൊതിക്കുന്നത്.” (വി..ക്വു. 4:89)

“അല്ലാഹു നിനക്ക് അവതരിപ്പിച്ചുതന്ന വല്ല നിർദ്ദേശത്തിൽനിന്നും അവർ നിന്നെ തെറ്റിച്ചു കളയുന്ന തിനെപ്പറ്റി ജാഗ്രത പുലർത്തുകയും ചെയ്യണമെന്നും (നാം കൽപിക്കുന്നു) (വി.ക്വു. 5:49)

"(അല്ലാഹുവെ) ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണമേ, കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല, പിഴച്ചുപോയവരുടെ മാർഗ്ഗത്തിലുമല്ല". (വി.ക്വു. 1:6,7)

അല്ലാഹുവേ നിൻെറ കാവൽ...............